# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 719**

**30/06/2015-ൽ മറുപടിക്ക്**

## മഴക്കാല രോഗപ്രതിരോധം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എളമരം കരീം** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) മഴക്കാല രോഗപ്രതിരോധത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയതിനായി ഏതൊക്കെ വിഭാഗങ്ങളുടെ സേവനമാണ് ആവശ്യപ്പെട്ടിട്ടുള്ളത്; | എ) മഴക്കാല രോഗങ്ങൾ തടയുന്നതിന് ആരോഗ്യ വകുപ്പ് ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മ പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുകയാണ്. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതര വകുപ്പ് മന്ത്രിമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ 2015 ഫെബ്രുവരി 10-ാം തീയതി ഉന്നതതലയോഗം കൂടി ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന കർമ്മപരിപാടികളെപ്പറ്റി ചർച്ച ചെയ്ത് അന്തിമ രൂപം നൽകി. ജില്ലാ തലത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും നഗരസഭ/പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആലോചനായോഗങ്ങൾ കൂടി പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പ്രവർത്തനങ്ങൾ നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതോടൊപ്പം വാർഡ്തല ആരോഗ്യ ശുചിത്വ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ എൻ.എച്ച്.എം; ശുചിത്വ |

മിഷൻ തദ്ദേശഭരണ സ്ഥാപന ഫണ്ടുകൾ ലഭ്യമാക്കാനും തീരുമാനിച്ചു. മഴക്കാലത്തോട നുബന്ധിച്ച് പകർച്ചവ്യാധികൾ പൊട്ടിപ്പുറ പ്പെടുന്നത് തടയാനായി മഴക്കാല പൂർവ്വ ശുചീകരണത്തിനും കൊതുകിന്റെ ഉറവിട നശീകരണത്തിനും ജലശുദ്ധി ഉറപ്പാക്കാനും പലവിധ ക്യാമ്പെയിനുകൾ നടപ്പിലാക്കി.

1. കൊതുകിന്റെ ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നശിപ്പിക്കുന്ന ക്യാമ്പെയിൻ (ഏപ്രിൽ 20-22)

2) പ്ലാന്റേഷൻ ക്യാമ്പെയിൻ (ഏപ്രിൽ 27-29)

3) ക്ലീൻ ഓഫീസ് & ക്ലീൻ പബ്ലിക് പ്ലേസ് ക്യാമ്പെയിൻ (മെയ് 18-20)

4) സേഫ് വാട്ടർ ക്യാമ്പെയിൻ (മെയ് 14-16) എന്നിവ എല്ലാ ജില്ലകളിലും നടത്തി.

ജൂൺ, ജൂലൈ മാസങ്ങളിൽ ആഴ്ചതോറും സ്കൂൾ, ഓഫീസ്, വീട് എന്നിവിടങ്ങളിൽ കൊതുക്, കൂത്താടി നശീകരണത്തിനായി ഡ്രൈ ഡേ ആചരിക്കുവാൻ നിർദ്ദേശം നൽകി.

ബി) കോഴിക്കോട് ജില്ലയിൽ ചിക്കൻഗുനിയ, ഡെങ്കിപ്പനി ഉൾപ്പെടെയുള്ളവ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

ബി) കോഴിക്കോട് ജില്ലയിൽ മുക്കം, ഫറോക്ക് പഞ്ചായത്തുകളിൽ ഡെങ്കിപ്പനി കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മുക്കം പഞ്ചായത്തിലെ നിലേശ്വരം പ്രദേശത്തും ഫറോക്ക് പഞ്ചായത്തിലെ വാർഡ് 6,7,8 പ്രദേശത്തുമാണ് ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രതിരോധ പ്രവർത്തനങ്ങൾക്കായി 40 വീടുകളിൽ 2 വാളണ്ടിയർ (ആശ, കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ, എച്ച്.പി.ടി മെമ്പേഴ്സ്) ഒരു

ആരോഗ്യ പ്രവർത്തകന്റെ നേതൃത്വത്തിൽ (ജെ.എച്ച്.ഐ/ജെ.പി.എച്ച്.എൻ) പ്രദേശത്തിന്റെ ചുമതല നൽകിയിട്ടുണ്ട്. ആഴ്ചയിൽ 2 ദിവസം ഓരോ വീട്ടും സന്ദർശിക്കുന്ന രീതിയിൽ പ്രവർത്തനം ക്രമീകരിച്ചിട്ടുണ്ട്. ഇവർ ഉറവിട നശീകരണം, വെക്ടർസർവ്വെയിലൻസ്, ഫീവർ സർവ്വെ, ആരോഗ്യ ബോധവൽക്കരണം എന്നിവ തുടർച്ചയായി നടത്തികൊണ്ടിരിക്കുന്നു. പ്രസ്തുത പ്രദേശങ്ങളിൽ 6 മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റേയും മുക്കം സി.എച്ച്. സിയുടേയും താലൂക്ക് ആശുപത്രി ഫറോക്കിന്റേയും നേതൃത്വത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ ഫോഗിംഗ് നടത്തി വരുന്നു.

ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ, കുടുംബശ്രീ മിഷൻ, ആശാ പ്രവർത്തകർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റേയും, മെഡിക്കൽ ഓഫീസർമാരുടേയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജില്ലാ തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുക്കം/ഒളവെണ്ണ സി.എച്ച്.സിയിലെ മുഴുവൻ ആരോഗ്യ പ്രവർത്തകരേയും ആഴ്ചയിൽ ഒരു ദിവസം രോഗ ബാധിത പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിയമിച്ചിട്ടുണ്ട്.

സി) സംസ്ഥാനത്ത് ശുചീകരണപ്രവർത്തനങ്ങൾക്കായി എത്ര ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്; ഇവയുടെ ഏകോപനത്തിന് എന്തെല്ലാം നടപടികൾ

സി) ശുചീകരണ പ്രവർത്തനങ്ങൾക്കായി വിവിധ നഗര സഭകളിലെ കണ്ടിജന്റ് വിഭാഗത്തിലെ 5800 പേരെ നിയോഗിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചിത്വ കാമ്പയിൻ 2015 മാർഗ്ഗ നിർദ്ദേശങ്ങൾ

| | |
|---|---|
| സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സംബന്ധിച്ച് 23/04/2015-ലെ 178649/ഡി.സി.1/2015/ത.സ്വ.ഭ.വ. നമ്പരിൽ സർക്കാർ സർക്കുലർ പുറപ്പെടുവിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. നഗരസഭകളുടെ നേതൃത്വത്തിലും ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടാതെ ആരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ രോഗ പ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യ ശുചീകരണ പ്രവർത്തനങ്ങളും നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സന്നദ്ധ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ എന്നിവ ഉൾപ്പെടെയുള്ള വിഭാഗക്കാരുടെ സേവനം പ്രസ്തുത പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ